# സി എസ് യു പി സ്കൂൾ,മാടപ്പള്ളി

## കോട്ടയം

## അക്കാദമിക് മാസ്റ്റർ പ്ലാൻ

2025-26

# ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുകയും വിദ്യാഭ്യാസം സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലുമുള്ള കുട്ടികൾക്ക് സമാനമായി ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ആധാര ലക്ഷ്യം. 2025-26 അധ്യയന വർഷത്തിൽ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും വിദ്യാഭ്യാസ പ്രവൃത്തികളിൽ ഉൾപ്പെടുത്തി, പ്രത്യേക പിന്തുണ ആവശ്യമായ കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുന്നതിനായി പദ്ധതി രൂപീകരിച്ചിരിക്കുന്നു.

കുട്ടികളുടെ വൈകാരിക, സാമൂഹിക, വൈജ്ഞാനിക പ്രതിസന്ധികളെ മറികടക്കുകയും പഠന വിടവുകൾ പരിഹരിക്കുകയും ചെയ്ത് അവരെ പഠനത്തിൽ മുന്നോട്ടു നയിക്കുക എന്നതാണ് പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിൽ ഒന്നായി പരിഗണിച്ചിരിക്കുന്നത്. പഠനാന്തരീക്ഷം ശിശു സൗഹൃദപരവും ആകർഷകവുമായ രീതിയിൽ വികസിപ്പിക്കുന്നതിനൊപ്പം, വിദ്യാർത്ഥികളുടെ പുരോഗതിയിൽ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിനും പദ്ധതി പ്രത്യേക പ്രാധാന്യം നൽകുന്നു.

# UP Social Science Academic Master Plan (Class VI & VII)

കാലയളവ് : 2025 – 26 (ജൂൺ മുതൽ മാർച്ച് വരെ)

## 🎯 പൊതുലക്ഷ്യങ്ങൾ

• വിദ്യാർത്ഥികളിൽ സാമൂഹ്യബോധം, പൗരവൈദഗ്ധ്യം, അന്വേഷണ മനോഭാവം വളർത്തുക.

• ഐ.സി.ടി. സഹായത്തോടെ പഠനം – ഗൂഗിൾ എർത്ത്, Padlet, Spreadsheet, Podcast, StoryMap മുതലായവ.

• ജീവിതാനുഭവ പഠനം – ഫീൽഡ് വിസിറ്റ്, Role play, Case study.

• ഉൾക്കൊള്ളുന്ന വിദ്യാഭ്യാസം – പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾക്ക് Individual Support.

• CCE അടിസ്ഥാനത്തിലുള്ള മൂല്യനിർണ്ണയം – Checklist, Rubric, Portfolio, Quiz.

• സ്കൂൾ–സമൂഹ ബന്ധം – PTA, Panchayat, Local historians, NGOs.

## 📅 മാസ്റ്റർപ്ലാൻ – VI & VII (June → March)

| മാസം | Class VI – യൂണിറ്റ് / പ്രവർത്തനങ്ങൾ | Class VII – യൂണിറ്റ് / പ്രവർത്തനങ്ങൾ | ICT / നവീകരണം | കാലം | ചുമതല |
|---|---|---|---|---|---|
| ജൂൺ | മനുഷ്യന്റെ ആവശ്യങ്ങൾ & സമൂഹം – ഗ്രൂപ്പ് ചർച്ച, Role play | പൗരത്വം & അവകാശങ്ങൾ – Class constitution, Digital pledge | Padlet, Mentimeter, Canva poster | 4 ആഴ്ച | SS അധ്യാപകർ |
| ജൂലൈ | നാട്ടുഭരണം – ഗ്രാമസഭ enactment | മദ്ധ്യകാല ചരിത്രം – Timeline gallery, Debate | Virtual field trip, QR timeline, Podcast | 4 ആഴ്ച | SS അധ്യാപകർ + PTA |
| ഓഗസ്റ്റ് | നക്ഷത്രപ്പടം, ദിശ – Compass walk, Map making | ജനസംഖ്യ & കുടിയേറ്റം – | Google Earth, GeoGebra | 4 ആഴ്ച | ICT കോർഡിനേറ്റർ |

| | | | | | |
|---|---|---|---|---|---|
| | | Pyramid chart, Interview | , Excel graph | | |
| സെപ്റ്റംബർ | കേരളത്തിന്റെ പ്രകൃതിവൈശിഷ്ട്യം – Nature trail, Poster | വിഭവങ്ങളും വ്യവസായവും – Energy audit, Role play | Spreadsheet chart, KSEB virtual tour | 4 ആഴ്ച | Subject teacher + Guest |
| ഒക്ടോബർ | സംസ്കാര പൈതൃകം – Heritage hunt, Storytelling | ഭൂവിജ്ഞാന ഉപകരണങ്ങൾ – Rain gauge, Soil test | StoryMap, Google My Maps | 4 ആഴ്ച | Librarian + SS teacher |
| നവംബർ | സാമ്പത്തിക ബോധം – Class market, Budget | ആധുനിക ഇന്ത്യ – Freedom trail, Debate | Spreadsheet simulation, Digital timeline | 4 ആഴ്ച | HM + PTA |
| ഡിസംബർ | Revision & Expo – SS mela, Quiz | Revision & Museum in class | Kahoot, Digital archive | 3 ആഴ്ച | All subject teachers |
| ജനുവരി | VI – സമൂഹസ്ഥാപനങ്ങൾ – Family tree, Role play | VII – Unit 8: അധികാരം ജനങ്ങൾക്ക് (Mock parliament) + Unit 9: ഭൂപടങ്ങൾ & GIS (School map) | Google Classroom election, GIS demo | 4 ആഴ്ച | SS teacher + PTA |
| ഫെബ്രുവരി | VI – ആഗോളബന്ധങ്ങൾ – Globe activity | VII – Unit 10: Budget (Class budget) + Unit 11: വികസനം (Case study, Debate) | Spreadsheet budget, Canva infographic, Video | 4 ആഴ്ച | ICT + Subject teacher |
| മാർച്ച് | VI – വാർഷിക Revision & Project Expo | VII – Unit 12: ചരിത്രപഠനശൈലികൾ (Oral | Prezi timeline, Digital portfolio, Kahoot | 4 ആഴ്ച | HM + Alumni + PTA |

history, Archive) +
Annual SS Mela

## 👥 ചുമതല (Responsibility Division)

- SS Subject Teachers → Planning, Teaching, Evaluation.
- ICT Coordinator → Digital tools, Lab schedule.
- Librarian → StoryMap, Heritage support.
- Headmaster → Academic monitoring, Community link.
- PTA / Local resource persons → Field support, Guest lectures.
- Students (Leaders) → Peer teaching, Exhibition coordination.

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## മലയാളം

### വായനാക്കൂട്ടങ്ങളുടെ രൂപീകരണം

വായനയിൽ താല്പര്യമുള്ള കുട്ടികളെ തിരഞ്ഞെടുത്ത് ഗ്രൂപ്പാക്കുന്നു. ആഴ്ചയിൽ ഒരു ദിവസം പുസ്തകങ്ങൾ നൽകുന്നു. അടുത്ത ആഴ്ചയിൽ ഒരു ദിവസം വായിച്ച പുസ്തകം പരിചയപ്പെടുത്തൽ ,വായനാനുഭവം പങ്കിടൽ,വായനാമുറി രൂപികരണം , പുസ്തകക്കുറിപ്പുകൾക്ക് സമ്മാനം നൽകൽ, സ്ഥലത്തെ സാഹിത്യപ്രമുഖരെ ക്ഷണിച്ച് ക്ലാസുകൾ സംഘടിപ്പിക്കുന്നു. കാലദൈർഘ്യം ജൂൺ മുതൽ മാർച്ച് വരെയാണ്. ഇതിന്റെ ചുമതല മലയാളം ടീച്ചർക്കും ഗ്രൂപ്പ് ലീഡർക്കുമാണ്. വായനാപ്രോത്സാഹന പ്രവർത്തനങ്ങളിലൂടെ കുട്ടികളെ മികച്ച വായനക്കാരാക്കുക, കുട്ടികളെ ഭാഷാമികവിലേക്കുയർത്തുക എന്നിവയാണ് ലക്ഷ്യങ്ങൾ.

### ഭാഷാവികാസം

എല്ലാ കുട്ടികൾക്കും പഠനനേട്ടം ഉറപ്പുവരുത്തുക,മുഴുവൻ കുട്ടികൾക്കും സർഗാത്മകരചനകൾക്കും അവതരണത്തിനുള്ള അവസരം നൽകുക. എല്ലാകുട്ടികളും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും കരസ്ഥമാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കുക. എല്ലാ കുട്ടികളും ആശയം ഗ്രഹിച്ച് അർത്ഥപൂർണമായി വായിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നു. സാഹിത്യാഭിരുചി വളർത്താനുള്ള സാഹചര്യം ഒരുക്കുകയും അതിന് അനുയോജ്യമായ പ്രവർത്തനങ്ങൾ കണ്ടെത്തുക ,ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ (ICT) പരമാവധി പ്രയോജനപ്പെടുത്തുക തുടങ്ങിയവയാണ് ലക്ഷ്യങ്ങൾ.
കഥ,കവിത,ചിത്രരചനകൾ,പുസ്തകവായമ,പത്രവായന, ദൃശ്യവായന,ഉപന്യാസരചനാമത്സരം,സ്കൂൾതലം വായനാക്കുറിപ്പ് മത്സരം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഈ ലക്ഷ്യങ്ങൾ നേടുക.

## ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുന്നതിന് | ഇംഗ്ലീഷ് ഭാഷയുടെ അസംബ്ലി<br><br>ഇംഗ്ലീഷ് ഡയറിക്കുറിപ്പ് തയ്യാറാക്കൽ<br><br>ഇംഗ്ലീഷ് ക്ലാസ് ലൈബ്രറി വായന പുസ്തകങ്ങൾ, English News paper, Dictionary മുതലായവ<br><br>Spoken English class<br><br>പതിപ്പുകൾ, കുട്ടികളുടെ | ആഴ്ചയിൽ ഒന്ന് (തിങ്കൾ)<br><br>ആഴ്ചയിൽ ഒന്ന്<br><br>ആഴ്ചയിൽ ഒന്ന്<br><br>June – March | ക്ലാസ് ടീച്ചർ<br><br>ഇംഗ്ലീഷ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ |

| | | | |
|---|---|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് | പത്രങ്ങൾ,Greeting card കൾ എന്നിവ തയ്യാറാക്കൽ<br><br>Poems, stories,cinemas,profile,മുതലായവ ICT സഹായത്താൽ പരിചയപ്പെടുത്തുന്നു. | June,March | HM,<br>ഇംഗ്ലീഷ് ടീച്ചർ<br><br>English Tr.<br><br>Computer Tr. |

## സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അക്ഷരജ്ഞാനം, അക്ഷരശുദ്ധി എന്നിവയിലൂടെ സംസ്കൃതഭാഷയെ അറിയുക സ്നേഹിക്കുക | രണ്ട് വര കോപ്പി എഴുതുന്നതിലൂടെയും ഉച്ചാരണത്തിലൂടെയും ഭാഷയെ ഉറപ്പിക്കുക.ഇതിനായി വീഡിയോ,ചാർട്ട്,പുസ്തകങ്ങൾ എന്നിവ ഉപയോഗിക്കുന്നു. | ആദ്യത്തെ ഒരു മാസം | ക്ലാസ് ടീച്ചർ |
| വ്യാകരണ ശുദ്ധിയോടെ ഉപയോഗിക്കുവാൻ കഴിവ് നേടൽ | സംസ്കൃതത്തിൽ നിന്നും സംസ്കൃതത്തിലേക്ക് വിവർത്തനം ,അതിനായി പുസ്തകങ്ങളുടെ സഹായവും ICT സാധ്യതയും ഉപയോഗിക്കുന്നു. | 6 മാസം | ക്ലാസ് ടീച്ചർ |
| സംസ്കൃതത്തിൽ ആശയവിനിമയം നടത്തുന്നതിന് ശേഷി നേടൽ | നാടകാവതരണം,കഥപറച്ചിൽ .സ്വയം പരിചയപ്പെടുത്തൽ സംസ്കൃത വാർത്തകേൾക്കൽ എന്നിവയിലൂടെ ആശയവിനിമയത്തിനു | 6 മാസം | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| | ള്ള സാധ്യത ഉണ്ടാക്കുന്നു. | | |
| കലാ സാഹിത്യാഭിരുചി | സംസ്കൃതോത്സവത്തോടനു ബന്ധിച്ചുള്ള പ്രവർ ത്തനങ്ങൾ | 3 മാസം | ക്ലാസ് ടീച്ചർ |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സംഖ്യകളിലെ അക്കങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ സംഖ്യകൾക്ക് ലക്ഷം, പത്തുലക്ഷം , കോടി തുടങ്ങിയ പേരുകളുണ്ട്(സംഖ്യകൾ വായിക്കാനും എഴുതാനും) | സ്ഥാന വില ചാർട്ടുകൾ ഗ്രൂപ്പ് തലത്തിൽ കുട്ടികൾ തയ്യാറാക്കുന്നു.സംഖ്യകൾ രൂപികരിക്കുന്നു.ഗണിത ലാബ് രൂപികരണം | October & March | ഗണിതാധ്യാപക ഗ്രൂപ്പ് ലീഡേഴ്സ് |
| ചതുഷ് ക്രിയകളുടെ പ്രയോഗം എളുപ്പമാക്കുക | ഗുണന സങ്കലന പട്ടികകളുടെ ചാർട്ട് തയ്യാറാക്കി ക്ലാസിൽ പ്രദർ ശിപ്പിക്കുന്നു.കുട്ടികളുടെ ഗ്രൂപ്പ് അധ്യാപികയുടെ നേതൃത്വത്തിൽ ചതുഷ് ക്രിയകൾ ചെയ്യാൻ പരിശീലിക്കുന്നു. പിന്നോക്കക്കാരെ പ്രത്യേകം ശ്രദ്ധിച്ച് മെച്ചപ്പെടുത്തുവാൻ വേണ്ട പരിശ്രമങ്ങൾ നടത്തുന്നു. | October - March | ഗണിതാധ്യാപക ഗ്രൂപ്പ് ലീഡേഴ്സ് ക്ലാസ് ടീച്ചർ, |
| ഗണിത പഠനം രസകരവും ആസ്വാദ്യകരവുമാക്കുക | മനക്കണക്കുകൾ ക്ലാസിൽ നൽ കുന്നു.ഗണിത ക്വിസ് പ്രദർശിപ്പിക്കുന്നു.ഗണിത മാസിക ക്ലാസ് തലത്തിൽ രൂപപ്പെടുത്തുന്നു. പാറ്റേണുകൾ രൂപികരിക്കുന്നു. | October - March | ഗണിതാധ്യാപക ഗ്രൂപ്പ് ലീഡേഴ്സ് |

## അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രസംബന്ധിയായ അറിവുകൾ നേടിയെടുക്കുക,പങ്കുവയ്ക്കു ക | ശാസ്ത്ര വിജ്ഞാന ക്വിസ് ആഴ്ചയിൽ ഒരിക്കൽ നടത്തുക,സയൻസ് ക്ലബ് രൂപീകരണം,മാഗസിനുക ൾ ശേഖരണം | ജൂൺ - മാർച്ച് | Basic science Teacher |
| കൗതുകം,ജിജ്ഞാസ,നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക, ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് | യൂണിറ്റുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ലഘു പരീക്ഷണങ്ങളിലൂടെ മനസ്സിലാക്കി നിഗമനങ്ങൾ രൂപികരിക്കുന്നു. | ജൂൺ - മാർച്ച് | Basic science Teacher |
| ശാസ്ത്രീയ വീക്ഷണം രൂപപ്പെടുത്തുക | യൂണിറ്റുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ നിർമ്മിച്ച് പ്രവർ ത്തനതത്വം മനസ്സിലാക്കാൻ അവസരം നൽകുന്നു | ജൂൺ - മാർച്ച് | Basic science Teacher |
| ശാസ്ത്രത്തിനുവേണ്ടി ജീവിതം സമർ പ്പിച്ചവരോട് ആദരവ് പുലർത്തുക | വിവിധ ഗവേഷണ പരീക്ഷണങ്ങളിലൂടെ ശാസ്ത്രത്തെ പുരോഗതിയിലേക്ക് നയിച്ച ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങളും ശാസ്ത്രക്കുറിപ്പുകളും ശേഖരിച്ച് സയൻസ് മാഗസിൻ തയ്യാറാക്കുക | ജൂൺ - മാർച്ച് | Basic science Teacher & Students |

# ഹിന്ദി മാസ്റ്റർ പ്ലാൻ 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 5,6 ,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ | പുതിയ പദങ്ങൾ,പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കിക്കൊടുത്ത് പഠിപ്പിക്കും *ചിത്രങ്ങൾ ,അക്ഷരമാല ചാർട്ട് *പ്രോജക്ടറിന്റെ സഹായത്തോടെ അക്ഷര രചന കാണിക്കൽ എന്നിവ | ജൂൺ - ഒക്ടോബർ | ഹിന്ദി അധ്യാപകൻ |
| ഹിന്ദി വായന തെറ്റ് കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം | നിരന്തരം പുസ്തകം വായിച്ച കേൾപ്പിച്ച് വായനയിലേക്ക് ആകർ ഷിക്കും,ഹിന്ദി ചിത്രങ്ങൾ ,ചിത്ര കഥകൾ എന്നിവ നൽകും | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപകൻ |
| ഹിന്ദി സംസാരം ഹിന്ദി സംസാരിക്കുവാനും നിത്യജീവിതത്തിൽ ഭാഷയെ ഉപയോഗിക്കുവാനും പ്രാപ്തമാക്കും | ക്ലാസിൽ ഹിന്ദി സംസാരിക്കുകയും കുട്ടികൾ പരസ്പരം ഹിന്ദിയിൽ ആശയ വിനിമയം നടത്തുകയും ചെയ്യുന്ന രീതി നടപ്പിൽ വരുത്തും | ജൂൺ - ഒക്ടോബർ | ഹിന്ദി അധ്യാപകൻ |
| ഹിന്ദി ഭാഷ ലളിതവൽ ക്കരിക്കുക | ഭാഷ പ്രാവീണ്യം നേടിയെടുത്ത കുട്ടികളെ ഉപയേഗിച്ച് നാടകം, സ്കിറ്റ് തുടങ്ങിയവ അവതരിപ്പിക്കും. ഹിന്ദി ഡിക്ഷണറി നിർമ്മിക്കും | ഒക്ടോബർ - ഫെബ്രുവരി | ഹിന്ദി അധ്യാപകൻ- ക്ലാസ് ലീഡർ |